
തദ്ദേശ
സ്വയംഭരണ
തിരഞ്ഞെടുപ്പ് 2025
എൽഡിഎഫ്
മാനിഫെസ്റ്റോ
Vote for LDF
VOTE FOR LDF

ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ
2025 തദ്ദേശഭരണ തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോ

1. അധികാരവികേന്ദ്രീകരണത്തിൽ കേരളമാണ് ഇന്ത്യയിലെ നമ്പർ 1 സംസ്ഥാനം. ഈ സ്ഥാനം നേടിയത് ഇടതുപക്ഷ ജനാധിപത്യ മുന്നണി 1996-ൽ നായനാർ സർക്കാരിന്റെ കാലത്ത് ഇ.എം.എസിന്റെ നേതൃത്വത്തിൽ നടപ്പാക്കിയ ജനകീയാസൂത്രണത്തിലൂടെയാണ്. അധികാര വികേന്ദ്രീകരണത്തെ തുരങ്കം വച്ച പാരമ്പര്യമാണ് യു.ഡി.എഫിന്റേത്. 1990-ൽ രൂപം കൊണ്ട ജില്ലാ കൗൺസിലുകളെ പിന്നീട് അധികാരത്തിൽ വന്ന യു.ഡി.എഫ് സർക്കാർ അട്ടിമറിച്ചത് ഇതിനുദാഹരണമാണ്. അധികാരവികേന്ദ്രീകരണത്തിനുവേണ്ടി താഴെത്തട്ടിൽ ജനങ്ങളെയാകെ അണിനിരത്തി ശക്തമായ പൊതുജനാഭിപ്രായം ജനകീയാസൂത്രണത്തിലൂടെ സൃഷ്ടിച്ചതുമൂലമാണ് ഇന്ത്യയിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന സംസ്ഥാനമായി കേരളം തുടരുന്നത്.

2. ബി.ജെ.പിയും, കോൺഗ്രസും സംസ്ഥാനങ്ങൾക്ക് കൂടുതൽ അധികാരങ്ങൾ നൽകുന്നതിന് തയ്യാറല്ല. കേന്ദ്ര-സംസ്ഥാന ബന്ധങ്ങളെ പൊളിച്ചെഴുതിക്കൊണ്ട് മാത്രമേ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ വിഭവങ്ങളും അധികാരങ്ങളും നൽകുവാൻ കഴിയൂ. ബി.ജെ.പി ഇന്ത്യയിലെ വൈവിധ്യങ്ങളെ അംഗീകരിക്കാത്ത വർഗീയതയുടെ വക്താക്കളാണ്. സ്വാഭാവികമായും അവരുടെ കീഴിൽ അധികാര കേന്ദ്രീകരണം അതിന്റെ മൂർദ്ധന്യത്തിൽ എത്തിയിരിക്കുകയാണ്. സഹകരണാത്മകമായ ഫെഡറൽ സമീപനത്തിന് പകരം പ്രതിപക്ഷ സംസ്ഥാനങ്ങളോട് കടുത്ത വിവേചനമാണ് യൂണിയൻ സർക്കാർ പുലർത്തുന്നത്. കേരളത്തോട് ഉപരോധ സമാനമായ നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. ഇത് സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധി മറികടന്നാണ് പ്രാദേശിക സർക്കാരുകൾക്ക് കൂടുതൽ വിഭവങ്ങളും പിന്തുണയും കേരള സർക്കാർ നൽകിയത്. യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് (2011-12 / 2015-16) 30,000 കോടി രൂപയിൽ താഴെയായിരുന്നു തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മൊത്തം നൽകിയ ഗ്രാന്റ്. എന്നാൽ ഇപ്പോഴത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ കാലത്ത് (2021-22 / 2025-26) ഏതാണ്ട് 70,000 കോടി രൂപയാണ് നൽകുന്നത്.

3. രാജ്യത്ത് വർഗ്ഗീയ ധ്രുവീകരണം സൃഷ്ടിച്ചുകൊണ്ടാണ് ബി.ജെ.പി അധികാരത്തിൽ വന്നതും അധികാരം നിലനിർത്താൻ ശ്രമിക്കുന്നതും. ന്യൂനപക്ഷങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ ഓരോ വർഷം കഴിയുന്തോറും വർദ്ധിക്കുകയാണ്. പൗരത്വാവകാശത്തിൽപ്പോലും മതം ഒരു മാനദണ്ഡമാക്കി. ഈ വർഗ്ഗീയ ഭ്രാന്തിനിടയിൽ മതനിരപേക്ഷതയുടെ ഒരു കോട്ടയായി കേരളം നിലകൊള്ളുകയാണ്. നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്ന മതമൈത്രിയും സമാധാനവും തകർക്കുന്നതിനുള്ള ബിജെപിയുടെ ശ്രമങ്ങൾക്കെതിരെ ജാഗ്രത പുലർത്തേണ്ടതുണ്ട്.

4. കോൺഗ്രസ് മൃദുഹിന്ദുത്വ സമീപനം കൈക്കൊള്ളുന്നതിനോടൊപ്പം ജമാഅത്തെ ഇസ്ലാമിയും എസ്.ഡി.പി.ഐയും പോലുള്ള തീവ്രവാദ ശക്തികളുമായി ബാന്ധവത്തിലാണ്. അവർ നടപ്പാക്കിയ ആസിയാൻ കരാർ കേരളത്തിലെ കാർഷിക മേഖലയെ തകർത്തു. കേരളത്തിൽ നിലനിന്നിരുന്ന സാർവ്വത്രിക റേഷൻ സമ്പ്രദായം അവസാനിപ്പിച്ചതും കോൺഗ്രസാണ്. യു.ഡി.എഫിന്റെയും (2011-16) പിണറായി വിജയന്റെ നേതൃത്വത്തിലുള്ള എൽ.ഡി

.എഫിന്റെയും (2016–25) സർക്കാരുകളുടെ ഭരണനേട്ടങ്ങളുടെ താരതമ്യം ആരുടെയും കണ്ണുതുറപ്പിക്കും. യു.ഡി.എഫ് ഭരണം കെടുകാര്യസ്ഥതയുടെയും വികസനമുരടിപ്പിന്റെയും കാലമായിരുന്നു. അതിൽ നിന്ന് സംസ്ഥാനത്തെ കരകയറ്റി ക്ഷേമ കുതിപ്പിന്റെയും പശ്ചാത്തല സൗകര്യ വളർച്ചയുടെയും വ്യാവസായിക, കാർഷിക ഉണർവ്വിന്റെയും നവകേരള കാലഘട്ടത്തിനു തുടക്കംകുറിക്കാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് കഴിഞ്ഞു.

5. സാമ്പത്തിക നയങ്ങളുടെ കാര്യത്തിൽ ബി.ജെ.പിയും കോൺഗ്രസും തമ്മിൽ അടിസ്ഥാനപരമായ ഒരു വ്യത്യാസവുമില്ല. നിയോലിബറൽ നയങ്ങൾക്കു തുടക്കംകുറിച്ചത് കോൺഗ്രസാണ്. ആ നയങ്ങൾ പൂർവ്വാധികം ശക്തമായി ബി.ജെ.പി മുന്നോട്ട് കൊണ്ടുപോവുകയാണ്. മറയില്ലാത്ത ശിങ്കിടിമുതലാളിത്തമാണ് ബി.ജെ.പിയുടേത്. അഞ്ചാം ലോകസാമ്പത്തിക ശക്തിയാണ് ഇന്ത്യയെന്ന് കൊട്ടിഘോഷിക്കുമ്പോഴും പ്രതിശീർഷ വരുമാനത്തിൽ ഇന്ത്യയുടെ സ്ഥാനം 142 ആണ്. അതുപോലെ ജനങ്ങളുടെ അവസ്ഥ ഏത് ക്ഷേമ സൂചിക എടുത്താലും ലോകരാജ്യങ്ങളിൽ ഇന്ത്യ ഏറ്റവും പിന്നിലാണ്.

6. ഇടതുപക്ഷ ജനാധിപത്യ മുന്നണിയാകട്ടെ സാമ്പത്തിക അഭിവൃദ്ധിയോടൊപ്പം ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങളും ക്ഷേമവും ഉറപ്പുവരുത്താനുതകുന്ന ഒരു സമീപനമാണ് നടപ്പാക്കിയത്. ഇന്നിപ്പോൾ അഭ്യസ്തവിദ്യരായ യുവതയുടെ പ്രതീക്ഷകൾക്കനുസരിച്ച് തൊഴിലവസരങ്ങൾ കേരളത്തിൽ തന്നെ സൃഷ്ടിക്കുന്നതിന് ഒരു കർമ്മ പരിപാടി ആവിഷ്കരിച്ചു നടപ്പാക്കുകയാണ്. ഇതിനു വേണ്ടിയാണ് വിജ്ഞാന സമ്പദ്ഘടനയിലധിഷ്ഠിതമായ നവകേരളത്തിനു വേണ്ടിയുള്ള പുതുവഴികൾ തേടുന്നത്. കിഫ്ബി വഴി അഭൂതപൂർവ്വമായ പശ്ചാത്തലസൗകര്യ നിർമ്മാണമാണ് കേരളത്തിൽ നടക്കുന്നത്. ഉന്നതവിദ്യാഭ്യാസ മേഖലയെ സ്കൂൾ വിദ്യാഭ്യാസത്തിലെന്നപോലെ ഇന്ത്യയിൽ മുൻപന്തിയിൽ എത്തിക്കാനുള്ള പരിഷ്കാരങ്ങളും നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്.

7. മേൽവിവരിച്ച പുതിയ വികസന തന്ത്രത്തിന്റെ അഭേദ്യഭാഗമാണ് അധികാര വികേന്ദ്രീകരണം. ഇതിലൂടെ ഭരണത്തിൽ കൂടുതൽ ജനപങ്കാളിത്തവും പ്രാദേശിക സാമ്പത്തിക വികസനവും ജനക്ഷേമവും ഉറപ്പുവരുത്തുന്നതിന് ഇടതുപക്ഷ ജനാധിപത്യ മുന്നണി പ്രതിജ്ഞാബദ്ധമാണ്. ഇതിനായുള്ള ഒരു കർമ്മ പരിപാടിയാണ് 2025–ലെ തദ്ദേശഭരണ തെരഞ്ഞെടുപ്പിലേക്കുള്ള മാനിഫെസ്റ്റോയായി ജനങ്ങളുടെ മുന്നിൽ അവതരിപ്പിക്കുന്നത്.

കേവല ദാരിദ്ര്യവിമുക്ത കേരളം

8. ഇക്കഴിഞ്ഞ കേരള പിറവി ദിനത്തിൽ കേരളം വികസന ചരിത്രത്തിൽ അത്യപൂർവ്വമായ ഒരു നേട്ടം കരസ്ഥമാക്കി. സുതാര്യവും ജനങ്ങള പങ്കാളികളാക്കിയുമുള്ള രീതിയിൽ കണ്ടെത്തിയ 64006 അതിദാരിദ്ര കുടുംബങ്ങൾക്ക് ഓരോന്നിനും മൈക്രോപ്ലാൻ ഉണ്ടാക്കി അതിദാരിദ്ര്യത്തിൽ നിന്നും കരകയറ്റി. വീണ്ടും ദാരിദ്ര്യത്തിലേക്ക് വഴുതിപ്പോകാതിരിക്കാൻ തുടന്നും ഇവർക്ക് സഹായം ഉറപ്പാക്കും. അതോടൊപ്പം ഇവർക്ക് മുകളിലുള്ള കേവല ദാരിദ്ര്യ കുടുംബങ്ങളെ കണ്ടെത്തി അവരെയും മൈക്രോപ്ലാനുകൾ വഴി ദാരിദ്ര്യവിമുക്തരാക്കാൻ ഒരു പരിപാടി നടപ്പാക്കും. ഇവരെ കണ്ടെത്താൻ കൂടുതൽ ഉദാരമായ ക്ലേശഘടകങ്ങളുടെ മാനദണ്ഡങ്ങൾ സ്വീകരിക്കും. അതുവഴി കേവല ദാരിദ്ര്യം കേരളത്തിൽ നിന്ന് നിർമ്മാർജ്ജനം ചെയ്യും.

എല്ലാവർക്കും വീട്

9. ലൈഫ് ഭവന പദ്ധതിയിലൂടെ 4.71 ലക്ഷം വീടുകളുടെ നിർമാണം പൂർത്തിയാക്കി. 1.27 ലക്ഷം വീടുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ലൈഫ് ഭവന പദ്ധതിയിലൂടെ ലഭിച്ച വീടുകൾക്കെല്ലാം സൗജന്യ വൈദ്യുതി ലഭ്യമാക്കിയിട്ടുണ്ട്. ഇതുവരെ 18,288 കോടി രൂപയാണ് ലൈഫ് ഭവനപദ്ധതിക്കു വേണ്ടി കേരളം ചെലവഴിച്ചത്. ഇതിൽ 2,081 കോടി രൂപ മാത്രമാണ് കേന്ദ്ര സർക്കാരിന്റെ വിഹിതം. വീട് ഒന്നിന് 4 ലക്ഷം രൂപയാണ് (പട്ടികവർഗക്കാരാണെങ്കിൽ 6 ലക്ഷം രൂപ) കേരളം നൽകുന്നത്. രാജ്യത്ത് എവിടെയും ഇതിന്റെ പകുതി തുക പോലും വീടിനായി നൽകുന്നില്ല.

10. 5.29 ലക്ഷം വീടുകൾ എന്ന ലൈഫ് മിഷന്റെ ലക്ഷ്യം 2025–26–ൽ മറികടക്കുമെങ്കിലും നിലവിലുള്ള ലിസ്റ്റിൽ ഉൾപ്പെടാത്ത ഏതെങ്കിലും ഭവനരഹിതരുണ്ടെങ്കിൽ അർഹതപ്പെട്ടവർക്കെല്ലാം അടുത്ത അഞ്ച് വർഷത്തിനുള്ളിൽ വീട് നൽകും. തീരദേശത്തെ പുനർഗേഹം പദ്ധതി പൂർത്തീകരിക്കും. അപകടകരമായ മേഖലകളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കും. പട്ടയം നൽകാനാകാതെ റോഡ് പുറമ്പോക്ക് പോലുള്ളയിടങ്ങളിൽ താമസിക്കുന്നവരെയും മറ്റിടങ്ങളിൽ പട്ടയം നൽകി പുനരധിവസിപ്പിക്കും.

എല്ലാവർക്കും ഭക്ഷണം

11. ആഗോള പട്ടിണി സൂചികയിൽ 123 രാജ്യങ്ങളിൽ ഇന്ത്യയുടെ സ്ഥാനം 102 ആണ്. ഇതേ മാനദണ്ഡങ്ങൾ ഉപയോഗപ്പെടുത്തി വിലയിരുത്തുകയാണെങ്കിൽ കേരളത്തിന്റെ ആഗോള സ്ഥാനം 25–30 സ്ഥാനങ്ങളിൽ വരുന്ന രാജ്യങ്ങൾക്കൊപ്പമാണ്. ഇനി നമ്മുടെ ലക്ഷ്യം സംസ്ഥാനത്തെ സമ്പൂർണ്ണ പോഷകാഹാര സംസ്ഥാനമാക്കി മാറ്റുകയാണ്. ഇതിനായി പോഷകാഹാര സമൃദ്ധ ഭക്ഷണം അങ്കണവാടികളിലും സ്കൂളുകളിലും ഉറപ്പാക്കും. കൊച്ചി കോർപ്പറേഷൻ ആരംഭിച്ച സമൃദ്ധിയുടെ മാതൃകയിൽ കൂടുതൽ ജനകീയ ഭക്ഷണശാലകൾ ആരംഭിക്കും. പൊതു അടുക്കളകളെ പ്രോത്സാഹിപ്പിക്കും. ജനകീയ ഹോട്ടലുകൾ വിപുലപ്പെടുത്തും. പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തും.

എല്ലാവർക്കും ചികിത്സ

12. അമേരിക്കയുടെ പ്രതിശീർഷ വരുമാനത്തിന്റെ ഇരുപതിലൊന്നുള്ള കേരളത്തിലെ ശിശുമരണ നിരക്ക് ആയിരത്തിന് 5 ആയിരിക്കുമ്പോൾ അമേരിക്കയിലേത് 5.6 ആണ്. മാതൃമരണ നിരക്ക് കേരളത്തിലേത് 18 ആയിരിക്കുമ്പോൾ അമേരിക്കയിലേത് 22.3 ആണ്. ഈ അതുല്യമായ നേട്ടം സൃഷ്ടിച്ചതിൽ കഴിഞ്ഞ 10 വർഷം ആരോഗ്യ മേഖലയിൽ സ്വീകരിച്ച നടപടികൾ വലിയ പങ്കുവഹിച്ചിട്ടുണ്ട്. 2016–ൽ കേരളത്തിലെ ശിശുമരണ നിരക്ക് 10ഉം മാതൃമരണ നിരക്ക് 43ഉം ആയിരുന്നെന്ന് ഓർക്കണം.

13. കേരളത്തിലെ 80 ശതമാനം പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ രണ്ട് നേരവും ഒ.പിയുള്ള കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്യപ്പെട്ടു കഴിഞ്ഞു. ഇത് താമസംവിനാ 100 ശതമാനമാക്കും. ഇവയിൽ 17 ശതമാനത്തിന് നാഷണൽ ക്വാളിറ്റി അക്രെഡിറ്റേഷൻ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്. കേരളമാണ് ഇക്കാര്യത്തിൽ ഇന്ത്യയിൽ ഒന്നാമത്തേത്. മുഴുവൻ കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കും ദേശീയ സർട്ടിഫിക്കേഷൻ അടുത്ത അഞ്ച് വർഷത്തിനുള്ളിൽ നേടും. 2016–നു ശേഷം ആരോഗ്യ മേഖലയിൽ 12,500 പുതി

യ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. മൊത്തം 12,500 കോടി രൂപയുടെ പശ്ചാത്ത ലസൗകര്യ നിക്ഷേപം ഉണ്ടായിട്ടുണ്ട്. ഇതുമൂലം പൊതുമേഖലാ സൗകര്യ ങ്ങൾ ഉപയോഗിക്കുന്ന ജനങ്ങളുടെ എണ്ണത്തിൽ അഭൂതപൂർവ്വമായ വർദ്ധന ഉണ്ടായിരിക്കുന്നു. ഇത് കണക്കിലെടുത്ത് പൊതു ആരോഗ്യ മേഖലയിലെ സൗകര്യങ്ങൾ ഇനിയും വിപുലപ്പെടുത്തുന്നതാണ്.

ലഹരിവിരുദ്ധ പ്രചാരണം

14. കേരളത്തിലെ മദ്യ ഉപയോഗം സമീപകാലത്ത് കുറയുന്നതായിട്ടുള്ള പ്രവണ തയാണ് കാണിക്കുന്നത്. മദ്യത്തിന്റെയും മറ്റു ലഹരി വസ്തുക്കളുടെയും ഉ പയോഗം കുറയ്ക്കുന്നതിനുള്ള ശക്തമായ പ്രചാരണവും നടപടികളും സർ ക്കാരും തദ്ദേശഭരണ സ്ഥാപനങ്ങളും സ്വീകരിക്കും. പ്രത്യേകിച്ച് മയക്കുമരു ന്നുകളുടെ ഉപയോഗം വലിയ സാമൂഹ്യവിപത്തായി വളർന്നുകൊണ്ടിരിക്കു കയാണ്. ഇതിനെതിരെ കർശനമായ നിയന്ത്രണ നടപടികൾ സ്വീകരിക്കുന്ന തോടൊപ്പം വിപുലമായ ബോധവൽക്കരണവും അനിവാര്യമാണ്.

തെരുവുനായ ശല്യം

15. കേന്ദ്ര സർക്കാർ കൊണ്ടുവന്ന തെരുവായ സംരക്ഷണനിയമമാണ് ഇന്ന ത്തെ ഈ അവസ്ഥ സൃഷ്ടിച്ചിട്ടുള്ളത്. തെരുവുനായകളെ വന്ധ്യംകരിക്കണ മെന്നു മാത്രമല്ല, അതേസ്ഥലത്തു തന്നെ തുറന്നുവിടണമെന്നുമായിരുന്നു നി യമം. എന്നാൽ ഇപ്പോൾ സുപ്രിംകോടതി ഇവയെ തുറന്നുവിടാതെ സംര ക്ഷിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഓ രോ തദ്ദേശഭരണ സ്ഥാപനത്തിലും തെരുവുനായ്ക്കളെ കൂട്ടായി പാർപ്പിക്കു ന്നതിന് ആവശ്യമായ സങ്കേതങ്ങളുടെ സന്നദ്ധസംഘടനകളുടെ സഹായ ത്തോടുകൂടി സൃഷ്ടിക്കുന്നതാണ്.

എല്ലാവർക്കും വിദ്യാഭ്യാസം

16. സാർവ്വത്രിക സ്കൂൾ വിദ്യാഭ്യാസം കേരളത്തിലെ സാമൂഹ്യ നേട്ടങ്ങളുടെ പ്രധാന ചാലകശക്തികളിലൊന്നാണ്. 2016–17 മുതൽ 2024–25 വരെയുള്ള കാ ലത്ത് കിഫ്ബിയും സർവശിക്ഷാ അഭിയാനും സംസ്ഥാന പ്ലാനിൽ നിന്നുമാ യി 9,225 കോടി രൂപയാണ് സ്കൂളുകളിൽ പശ്ചാത്തലസൗകര്യ നിക്ഷേപമാ യി നടത്തിയത്. 17,350 പുതിയ അധ്യാപക തസ്തികകൾ സൃഷ്ടിച്ചു. ഇവയെ ല്ലാം പ്രയോജനപ്പെടുത്തി വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുള്ള നട പടികൾക്കായിരിക്കും ഇനി ഊന്നൽ നൽകുക.

17. സ്കൂൾ പരീക്ഷകളിൽ മിനിമം മാർക്ക് നിർബന്ധമാക്കിയിരിക്കുന്നത് ആരെ യും തോൽപ്പിക്കാനല്ലായെന്ന് തെളിഞ്ഞു കഴിഞ്ഞു. ഓരോ ക്ലാസിലും ആർ ജ്ജിക്കേണ്ട മിനിമംശേഷി വിദ്യാർത്ഥികൾ ആർജ്ജിക്കുമെന്ന് ഉറപ്പുവരു ത്താനാണിത്. ഇതിനുവേണ്ടി തദ്ദേശഭരണ സ്ഥാപനങ്ങളുടെയും പിടിഎകളു ടെയും പിന്തുണയോടെ വിപുലമായ പഠന പിന്തുണാ പ്രസ്ഥാനം സൃഷ്ടി ക്കും. നീതി ആയോഗിന്റെ വിദ്യാഭ്യാസ സൂചികകളിൽ കേരളം ഒന്നാം സ്ഥാ നത്താണ്. ഇനി ദേശീയ പെർഫോമൻസ് ഗ്രേഡിംഗ് ഇൻഡക്സിലും അടു ത്ത അഞ്ചുവർഷംകൊണ്ട് കേരളത്തെ ഒന്നാംസ്ഥാനത്തേക്ക് ഉയർത്തും.

എല്ലാവർക്കും തൊഴിൽ

18. 25 വയസു കഴിഞ്ഞ പുരുഷന്മാരിൽ 95 ശതമാനം പേരും വീടിനു പുറത്ത് ജോലിക്ക് പോകുന്നവരാണ്. എന്നാൽ സ്ത്രീകളിൽ ഇവരുടെ ശതമാനം 30

ശതമാനത്തിൽ താഴെയാണ്. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം 50 ശതമാനമായെങ്കിലും ഉയർത്തുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതിന് ആദ്യപടിയായി 20 ലക്ഷം സ്ത്രീകൾക്ക് അടുത്ത അഞ്ച് വർഷംകൊണ്ട് തൊഴിൽ നൽകും.

19. കുടുംബശ്രീയും വിജ്ഞാനകേരളവുമായി ചേർന്ന് 2025 ജൂലൈ മാസത്തിൽ ആരംഭിച്ച തൊഴിൽ ക്യാമ്പയിൻ വഴി ഇതിനകം രണ്ട് ലക്ഷത്തോളം പ്രാദേശിക തൊഴിലവസരങ്ങൾ കണ്ടെത്തിക്കഴിഞ്ഞു. ഇവയിലേക്ക് 80,000 പേർക്ക് നിയമനവും നൽകി. ഇതോടൊപ്പം വിപുലമായ നാല് പ്രാദേശിക സേവന സംരംഭ ശൃംഖലയ്ക്ക് കുടുംബശ്രീ നേതൃത്വം നൽകിക്കൊണ്ടിരിക്കുകയാണ്. കിടപ്പുരോഗികൾക്ക് പരിചരണം നൽകുന്നതിനുള്ള സാന്ത്വനമിത്രയാണ് ഇതിൽ ഏറ്റവും പ്രധാനം. വീടുകൾക്കും സ്ഥാപനങ്ങൾക്കുമുള്ള റിപ്പയർ, മെയിന്റനൻസ്, പ്ലംബ്ബിംഗ്, ഇലക്ട്രിഫിക്കേഷൻ തുടങ്ങിയ സേവനങ്ങൾ നൽകുന്നതിനുള്ള സ്കിൽ@കോൾ സംരംഭങ്ങളും എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ആരംഭിക്കും. കുടുംബശ്രീ ഉല്പന്നങ്ങളോടൊപ്പം നാട്ടിലെ വ്യാപാര സ്ഥാപനങ്ങളിൽ നിന്നുള്ള ഉല്പന്നങ്ങൾ വീടുകളിലേക്ക് ആവശ്യാനുസരണം വാങ്ങി എത്തിക്കുന്നതിനുള്ള ഷോപ്പ്@ഡോർ പദ്ധതിയാണ് മറ്റൊന്ന്. അതുപോലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും കാർഷിക ആവശ്യങ്ങൾക്കുള്ള ആധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള വിദഗ്ധ തൊഴിലാളി സംഘങ്ങൾ, ഇവന്റ് മാനേജ്മെന്റ് ടീമുകൾ തുടങ്ങിയവയിലൂടെ ഒരു ലക്ഷം സ്ത്രീകൾക്ക് തൊഴിൽ നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഈ ധനകാര്യ വർഷം അവസാനിക്കുംമുമ്പ് മൂന്ന് ലക്ഷം പേർക്ക് തൊഴിൽ നൽകാനാണ് കുടുംബശ്രീ ലക്ഷ്യമിടുന്നത്. ഈ അനുഭവങ്ങളുടെ അടിസ്ഥാനത്തിലാണ് അടുത്ത അഞ്ച് വർഷംകൊണ്ട് 20 ലക്ഷം പേർക്ക് തൊഴിൽ നൽകുമെന്ന് പ്രഖ്യാപിക്കുന്നത്. ഒരു സ്ത്രീക്ക് ശരാശരി 10,000 രൂപ പ്രതിമാസ വരുമാനം കണക്ക് കൂട്ടിയാൽപ്പോലും 24,000 കോടി രൂപ ഇതുവഴി സാധാരണക്കാരുടെ വീടുകളിൽ അധികവരുമാനമായി എത്തിക്കാനാകും.

20. ഇതോടൊപ്പം അഭ്യസ്തവിദ്യരായ യുവതി യുവാക്കൾക്ക് തൊഴിൽ നൽകുന്നതിന് ബൃഹത്തായ പരിപാടി വിജ്ഞാന കേരളം വഴി ആവിഷ്കരിച്ച് നടപ്പാക്കുന്നതാണ്. കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് ദേശീയ ശരാശരിയുടെ പകുതിയായി താഴ്ത്തുന്നതിനാണ് ലക്ഷ്യമിടുന്നത്. മുഖ്യമന്ത്രി പ്രഖ്യാപിച്ച ക്ഷേമ പരിപാടികളിലെ യുവജനങ്ങൾക്ക് നൈപുണി പരിശീലന കാലത്ത് 1,000 രൂപ സ്കോളർഷിപ്പ് ഈ കർമ്മപരിപാടി നടപ്പാക്കുന്നതിനു വലിയ പിന്തുണയാകും. തൊഴിൽ ഡയറക്ടറേറ്റ്, അസാപ്പ്, കെയ്സ് തുടങ്ങിയ എല്ലാ നൈപുണി വികസന ഏജൻസികളുടെയും പ്രവർത്തനം ഇതിനായി ഏകോപിപ്പിക്കും.

21. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ നിരുത്സാഹപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാർ കർശനമായ നിബന്ധനകൾ നടത്തിപ്പിൽ ജിയോ ടാഗിംങിന്റെ അടിച്ചേൽപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇത് ലഘൂകരിക്കുന്നതിന് കേന്ദ്ര സർക്കാരിൽ ശക്തമായ സമ്മർദ്ദം ചെലുത്തും. നിയമത്തിനുള്ളിൽ നിന്നുകൊണ്ട് പ്രായോഗികമായ സമീപനം സ്വീകരിക്കും.

22. നഗരങ്ങളിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി വിപുലീകരിക്കും.

വയോജനസൗഹൃദ കേരളം

23. കേരളത്തിന്റെ പെരുമയ്ക്ക് ഒരടിസ്ഥാനം കുട്ടികളുടെ സംരക്ഷണത്തിന് നൽകിയ സാമൂഹ്യപിന്തുണയുടെ വിജയമാണ്. കുട്ടികളുടെ എണ്ണം കുറയുകയും പ്രായമുള്ളവരുടെ എണ്ണം വർദ്ധിക്കുകയും ചെയ്യുന്ന പുതിയൊരു കാലഘട്ടത്തിലേക്ക് കേരളം കടക്കുകയാണ്. ഈ ഘട്ടത്തിലെ മുഖ്യ വെല്ലുവിളി വയോജന സംരക്ഷണമാണ്. 2036 ആകുമ്പോഴേക്കും കേരളത്തിലെ ജനസംഖ്യയുടെ 23 ശതമാനത്തിലേറെ വയോജനങ്ങൾ ആയിരിക്കും. പ്രാദേശിക സാമൂഹ്യ പിന്തുണയോടെ ഇവർക്ക് അവരവരുടെ വീടുകളിൽ പരിചരണവും സംരക്ഷണവും ഉറപ്പുവരുത്തുന്നതിനു നമ്മൾ പ്രതിജ്ഞാബദ്ധരാണ്. വ്യത്യസ്ത വകുപ്പുകളിലെ വയോജന സ്കീമുകളെ പ്രാദേശികമായി സംയോജിപ്പിച്ച് വിടവുകൾ നികത്തി ഒരു സമഗ്ര പരിപാടിയായി നടപ്പാക്കും.

24. എൻ.എച്ച്.എമ്മിന്റെ ഡിജിറ്റൽ ഗ്രിഡിൽ ഇപ്പോൾ രണ്ട് ലക്ഷത്തിലേറെ കിടപ്പുരോഗികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത് സമ്പൂർണ്ണമാക്കും. ഈ കിടപ്പു രോഗികൾക്കെല്ലാം മുടക്കമില്ലാതെ വൈദ്യപരിശോധനയും മരുന്നും പാലിയേറ്റീവ് സേവനങ്ങളും ലഭ്യമാക്കും. ഡയറ്റ് ഭക്ഷണവും സൗജന്യ ആംബുലൻസ് സർവ്വീസും ലഭ്യമാക്കും. പെയ്ഡ് കെയർഗീവർമാരുടെ സേവനങ്ങൾ ലഭ്യമായിരിക്കും. ഇവയെല്ലാം കിടപ്പുരോഗികളുടെ അവകാശങ്ങളായി അംഗീകരിക്കും. പാലിയേറ്റീവ് സന്നദ്ധസംഘടനകളെ പ്രോത്സാഹിപ്പിക്കും.

25. കിടപ്പുരോഗികളല്ലാത്ത വയോജനങ്ങൾക്ക് ''ആരോഗ്യകരമായ വാർദ്ധക്യം'' (Healthy Aging)എന്നതായിരിക്കും മുദ്രാവാക്യം. മെഡിക്കൽ പരിശോധനയുടെ അടിസ്ഥാനത്തിൽ ജീവിതശൈലീ രോഗങ്ങൾക്കുള്ള മരുന്നുകൾ സൗജന്യമായി ലഭ്യമാക്കും. വ്യായാമത്തിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കും. അതോടൊപ്പം മാനസിക വ്യാപനത്തിനാവശ്യമായ സാമൂഹ്യ ചുമതലകളിൽ അവരെ പങ്കാളികളാക്കും. വിനോദത്തിനും വിശ്രമത്തിനും ആവശ്യമായ വയോക്ലബ്ബുകളും തണലിടങ്ങളും സൃഷ്ടിക്കും. വയോജന അയൽക്കൂട്ടങ്ങളുടെ കേന്ദ്രങ്ങളായിരിക്കും വയോക്ലബ്ബുകൾ. പൊതുകെട്ടിടങ്ങളും വീടുകളും വയോജനസൗഹൃദമാക്കും. അടുത്ത അഞ്ച് വർഷംകൊണ്ട് ഈ വിപ്ലവകരമായ പരിവർത്തനത്തിനു സാക്ഷ്യംവഹിക്കും.

26. മുതിർന്ന പൗരന്മാരുടെ അനുഭവ സമ്പത്ത് പ്രാദേശിക വികസനത്തിന് ഉപയോഗപ്പെടുത്തുന്നതിനുവേണ്ടി സംസ്ഥാന ബജറ്റിൽ സൂചിപ്പിച്ചിട്ടുള്ള ''ന്യൂ ഇന്നിംഗ്സ്'' പോലുള്ള സംരംഭകത്വ വികസന പരിപാടികൾ ആവിഷ്കരിക്കും. അതുപോലെ സാമൂഹ്യ സംരംഭകത്വ പ്രവർത്തനങ്ങളിൽ അവരെ പങ്കാളികളാക്കും.

പട്ടികജാതി–പട്ടികവർഗ്ഗ വികസനം

27. എല്ലാ ക്ഷേമ സൂചികകളിലും കേരളത്തിലെ പട്ടികവിഭാഗങ്ങളുടെ നില ദേശീയ ശരാശരിയേക്കാൾ വളരെ ഉയർന്നതാണ്. ബഹുമുഖ ദാരിദ്ര്യ സൂചിക പ്രകാരം കേരളത്തിലെ പട്ടികജാതിക്കാരുടെ ദാരിദ്ര്യം ദേശീയ ശരാശരിയേക്കാൾ 98 ശതമാനവും പട്ടികവർഗ്ഗക്കാരുടേത് 67 ശതമാനവും താഴ്ന്നതാണ്. അതേസമയം, കേരളത്തിലെ പൊതുദാരിദ്ര്യത്തേക്കാൾ ഉയർന്നതാണ് പട്ടിക വിഭാഗങ്ങളുടേത്. അടുത്ത അഞ്ച് വർഷത്തിനിടയിൽ പട്ടികവിഭാഗങ്ങൾക്കിടയിൽ കേവല ദാരിദ്ര്യം പൂർണ്ണമായും ഇല്ലാതാക്കും. എല്ലാ പട്ടികവർഗ്ഗക്കാർക്കും വാസയോഗ്യമായ വീട് ഉറപ്പുവരുത്തും.

28. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് പട്ടികജാതി വികസന ഫണ്ടുകളിൽ ഗണ്യമായ ഭാഗം തദ്ദേശഭരണ സ്ഥാപനങ്ങൾ വഴിയാണ് ചെലവഴിക്കുന്നത്. പട്ടികവിഭാഗങ്ങളുടെ വികസന ഫണ്ട് ലാപ്സാകുന്നത് ഒഴിവാക്കും. ചെലവാക്കാത്ത തുക തുടർന്നുള്ള വർഷങ്ങളിൽ പൊതുവികസന ഫണ്ടിൽ നിന്നും വകയിരുത്തന്നത് കർശനമായി നടപ്പാക്കും. വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിനും നൈപുണി പരിശീലനത്തിനും തൊഴിൽ ലഭ്യമാക്കുന്നതിനും പദ്ധതികളിൽ കൂടുതൽ ഊന്നൽ നൽകും. പഠനമുറി പദ്ധതി പൂർണ്ണമാക്കും.

29. പട്ടികവിഭാഗങ്ങളുടെ വികസന ഫണ്ട് വിനിയോഗം ജനപങ്കാളിത്തത്തോടെ അവലോകനം ചെയ്ത് കൂടുതൽ ഫലപ്രദമാക്കും. ഊരുകൂട്ടതല ആസൂത്രണം ഫലപ്രദമാക്കുന്നതിന് സന്നദ്ധസംഘടനകളുടെയും പ്രൊമോട്ടർമാരുടെയും കുടുംബശ്രീയുടെയും പ്രവർത്തനങ്ങളെ ഏകോപിപ്പിക്കും. ജനപ്രതിനിധികൾക്ക് കൂടുതൽ ചിട്ടയായ പരിശീലനം നൽകും.

ഭിന്നശേഷിക്കാർ

30. കേരളത്തിലെ ജനസംഖ്യയിൽ 7.8–8.2 ലക്ഷം ഭിന്നശേഷിക്കാരാണ്. അതായത് 1000–ൽ 22–23 പേർ ഭിന്നശേഷിക്കാരാണ്. ഇവർക്കു വേണ്ടുന്ന പരിരക്ഷ നൽകുന്നതിൽ സുപ്രധാനപങ്ക് തദ്ദേശഭരണ സ്ഥാപനങ്ങൾക്കുണ്ട്. ബഡ്സ് സ്കൂളുകളുടെ എണ്ണവും സൗകര്യങ്ങളും വർദ്ധിപ്പിക്കും. അവിടുത്തെ ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ പരിഷ്കരിക്കും. പ്രായപൂർത്തിയായ ഭിന്നശേഷിക്കാർക്കുവേണ്ടി പ്രത്യേക പുനരധിവാസ കേന്ദ്രങ്ങൾ എല്ലാ നഗരങ്ങളിലും എല്ലാ ബ്ലോക്കുകളിലും സൃഷ്ടിക്കും. ഇവരുടെ കുടുംബങ്ങളുടെയും സന്നദ്ധസംഘടനകളുടെയും പങ്കാളിത്തത്തോടെയായിരിക്കും ഇവയൊരുക്കുക.

തീരദേശവികസനം

31. കേരളത്തിലെ തീരപ്രദേശത്ത് മത്സ്യവിഭവ ശോഷണം ശക്തിപ്പെട്ടുകൊണ്ടിരിക്കുന്നതിന്റെ പശ്ചാത്തലത്തിൽ കടൽ ഖനനത്തെ നഖശിഖാന്തം എതിർത്തു തോൽപ്പിക്കാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി പ്രതിജ്ഞാബദ്ധമാണ്. തീരത്തിന് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന താൽപര്യമുള്ള മുഴുവൻ പേർക്കും പുനർഗേഹം പദ്ധതിയിൽ പുനരധിവാസം ഉറപ്പുവരുത്തും. സമ്പൂർണ്ണ പാർപ്പിട പദ്ധതി തീരദേശ മേഖലയിൽ ഉറപ്പുവരുത്തും. കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ കടൽ മത്സ്യബന്ധന നിരോധനം ഏർപ്പെടുത്തുന്ന ദിവസങ്ങളിലെല്ലാം പഞ്ഞമാസ സമാശ്വാസ പദ്ധതിയിലെന്നപോലെ ധനസഹായം മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കും. മത്സ്യത്തൊഴിലാളി കുടുംബത്തിലെ വിദ്യാർത്ഥികൾക്ക് പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ ഉറപ്പുവരുത്തും. ഫിഷറീസ് വകുപ്പിനു കീഴിലുള്ള സ്കൂളുകളുടെ നവീകരണം പൂർത്തിയാക്കും. തെരഞ്ഞെടുത്തവയെ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തും.

32. ശുചിത്വ സാഗരം സുന്ദര തീരം പദ്ധതി പൂർത്തീകരിക്കും. തൊഴിൽതീര പദ്ധതിയിൽപ്പെടുത്തി ഒരു വീട്ടിൽ ഒരു തൊഴിൽ ഉറപ്പാക്കും. ഇൻഷ്വറൻസ് തുക വർദ്ധിപ്പിക്കും. ഹൃദയാഘാതമടക്കം ഉണ്ടാകുന്ന അപകടമരണങ്ങൾ ഇൻഷ്വറൻസ് പരിധിയിൽ വരുത്തും. അല്ലാത്തപക്ഷം പ്രത്യേക ധനസഹായം നൽകും. ജലാശയങ്ങൾ ശുദ്ധീകരിച്ച് മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. ഗ്രാമീണ മത്സ്യ വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കും.

സമ്പൂർണ്ണ ശുചിത്വം

33. 2016 നവംബർ 1–ന് കേരളം വെളിയിടവിസർജ്ജനവിമുക്ത (100% ODF) സംസ്ഥാനമായി അംഗീകാരം നേടി. 2023–ൽ കേരളം ODF Plus സ്ഥാനം നേടി. 2016–ന് മുൻപ് ഇന്ത്യയിലെ ശുചിത്വ നഗര പട്ടികയിൽ ആദ്യത്തെ 1000–ൽ ഒന്നുപോലും കേരളത്തിൽ നിന്നായിരുന്നില്ല. എന്നാൽ 2025–ൽ ആദ്യത്തെ 100–ൽ 8 നഗരങ്ങൾ കേരളത്തിലേതാണ്. ആദ്യത്തെ 1,000 നഗരങ്ങളിൽ കേരളത്തിലെ 93 നഗരങ്ങൾ ഉൾപ്പെടുന്നു. അവയിൽ 23 എണ്ണത്തിന് സ്റ്റാർ റേറ്റിംഗുമുണ്ട്. ഉറവിടത്തിൽ മാലിന്യം വേർതിരിക്കുകയും അജൈവമാലിന്യം ശേഖരിക്കുകയും ചെയ്യുന്നത് സാർവത്രികമായി. ഇതിനായി ഹരിതകർമ്മ സേനയും ശേഖരണ കേന്ദ്രങ്ങളും സംസ്കരണ സംരംഭങ്ങളും ഫലപ്രദമായി പ്രവർത്തിക്കുന്നു. നഗരങ്ങളിലെ ഡബ്ബിംഗ് യാർഡുകൾ ഏതാണ്ട് പൂർണ്ണമായും പുനരുദ്ധരിച്ചു. 2025 മാർച്ച് 30–ന് മാലിന്യമുക്ത നവകേരളം പ്രഖ്യാപനം നടന്നു. 2024 ഒക്ടോബർ 2–ന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ തുടക്കംകുറിച്ച ക്യാമ്പയിനിന്റെ പര്യവസാനമായിരുന്നു ഇത്.

34. ഈ നേട്ടങ്ങൾ നിലനിർത്താനുള്ള തുടർപ്രവർത്തനങ്ങളിലാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ ഏർപ്പെട്ടിട്ടുള്ളത്. ഇതോടൊപ്പം റെഗുലേഷൻസ് കർശനമായും നടപ്പാക്കുന്നതിനും നടപടി സ്വീകരിച്ചുവരികയാണ്. താഴെപ്പറയുന്നവ 100 ശതമാനം ലക്ഷ്യം കൈവരിക്കുന്നതിനു നടപടി സ്വീകരിക്കും:

    - മെഡിക്കൽ മാലിന്യ സംസ്കരണം
    - ജൈവമാലിന്യം ശാസ്ത്രീയ കമ്പോസ്റ്റിംഗ്
    - കാർഷിക മാലിന്യങ്ങൾ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കൽ
    - നിർമ്മിതി മാലിന്യങ്ങൾ ശേഖരിക്കൽ
    - അജൈവമാലിന്യ ചംക്രമണം
    - കക്കൂസ് മാലിന്യ സംസ്കരണം

35. സമ്പൂർണ്ണ ഖരമാലിന്യ സംസ്കരണ നേട്ടത്തിനു പിന്നാലെ അടുത്തതായി ജലമലിനീകരണ നിർമ്മാർജ്ജനം നാം ലക്ഷ്യമായി ഏറ്റെടുക്കുകയാണ്. എല്ലാ സ്ഥാപനങ്ങളിലും മലിനജല പരിപാലന സൗകര്യങ്ങൾ ഉറപ്പുവരുത്തും. കുളങ്ങൾ, കായലുകൾ, നദികൾ എന്നിവിടങ്ങളിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് ജനകീയ ക്യാമ്പയിൻ സംഘടിപ്പിക്കും. കടലിലെ പ്ലാസ്റ്റിക് നീക്കം ചെയ്യുന്നതിന് മത്സ്യത്തൊഴിലാളികളെ പങ്കാളികളാക്കും. പൊതുപരിപാടികളിൽ ഹരിതചട്ടം സാർവ്വത്രികമാക്കും. ഹരിതകർമ്മ സേനയുടെ വരുമാന വർദ്ധനയ്ക്കുള്ള നടപടികൾ സ്വീകരിക്കും.

36. പൊതുയിടങ്ങളിലെ ദൃശ്യഭംഗിക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ മുൻകൈയെടുക്കും. റോഡ് ഓഫ് സെറ്റുകൾ, പാർക്കുകൾ, ഗ്രീൻ നടപ്പാതകൾ എന്നിവ വികസിപ്പിക്കും. പച്ചത്തുരുത്തുകൾ എല്ലാ വാർഡുകളിലും സൃഷ്ടിക്കും.

37. ശുചിത്വബോധം വളർത്തുന്നതിനുള്ള തീവ്രയജ്ഞത്തിനു രൂപം നൽകും. ഇതിൽ പുതിയ തലമുറയ്ക്ക് പ്രത്യേക ഊന്നൽ നൽകും. വിദ്യാർത്ഥികൾക്ക് ഒരു ഗ്രാമപഞ്ചായത്തിൽ 50 പേർക്കും മുനിസിപ്പാലിറ്റിയിൽ 75 പേർക്കും

കോർപ്പറേഷനിൽ 100 പേർക്കും സ്കോളർഷിപ്പ് നൽകും. ഇവർ ശുചിത്വ അംബാസിഡർമാരായി പ്രവർത്തിക്കും.

എല്ലാവർക്കും കുടിവെള്ളം

38. എല്ലാവർക്കും ശുദ്ധജലം ഉറപ്പുവരുത്തുന്നതിനുള്ള 5,453 ജലജീവൻ മിഷൻ പാക്കേജുകൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ഇത് 1,114 പാക്കേജുകൾ പൂർത്തിയായി. ബാക്കിയുള്ളവ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിർമ്മാണവേളയിലെ പങ്കാളിത്തം ശക്തിപ്പെടുത്തും. പൂർത്തിയായ പ്രോജക്ടുകളുടെ ഓപ്പറേഷൻ, മെയിന്റനൻസിന് തദ്ദേശഭരണ സ്ഥാപനങ്ങളെ പ്രാപ്തരാക്കും.

39. ഇതോടൊപ്പം നീർത്തടാടിസ്ഥാനത്തിൽ മണ്ണ്ജല സംരക്ഷണത്തിന് നടപടികൾ സ്വീകരിക്കും. ഓരോ പ്രദേശത്തിനും ആവശ്യമുള്ള ജലം പരമാവധി അതതു പ്രദേശത്തു തന്നെ ജലാശയങ്ങളിലും വയലുകളിലും കുളങ്ങളിലും ഭൂഗർഭത്തിലുമായി സംഭരിക്കുന്നതിനുള്ള നടപടികൾ ആവിഷ്കരിക്കും.

പ്രദേശിക റോഡുകളുടെ നവീകരണം

40. കേരളത്തിലെ പ്രാദേശിക റോഡുകളുടെ ദൈർഘ്യം 2015–16ൽ 2.06 ലക്ഷം കിലോമീറ്റർ ആയിരുന്നത് 2024–25–ൽ 3.32 ലക്ഷം കിലോമീറ്ററായി വർദ്ധിച്ചു. എന്നാൽ ജലജീവൻ മിഷന്റെ കുടിവെള്ള വിതരണ പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ ഭാഗമായ ഓട്ടേറെ പ്രാദേശിക റോഡുകൾ ഇനിയും പൂർവ്വസ്ഥിതിയിലേക്കാക്കേണ്ടതുണ്ട്. മുഖ്യമന്ത്രിയുടെ പ്രാദേശിക റോഡ് വികസന പരിപാടിയിൽ ഒട്ടേറെ റോഡുകൾ പുനർനിർമ്മിച്ചിട്ടുണ്ട്. ഇപ്പോൾ വീണ്ടും ബജറ്റിൽ ഇതിനായി പ്രത്യേക പണം അനുവദിച്ചിട്ടുണ്ട്. 2026–27–ൽ മെയിന്റനസ് ആവശ്യമായ മുഴുവൻ റോഡുകളും ഒറ്റത്തവണ പുനർനിർമ്മാണ പദ്ധതിയിലൂടെ നന്നാക്കുന്നതാണ്. ഇതിനായി കൂടുതൽ പണം വകയിരുത്തും. അതോടൊപ്പം ബാങ്കുകളിൽ നിന്നും സഹകരണ സംഘങ്ങളിൽ നിന്നും സർക്കാർ ഗ്യാരണ്ടിയിൽ വായ്പയെടുത്ത് റോഡുകൾ പുനരുദ്ധരിക്കുകയും രണ്ടോ മൂന്നോ വർഷംകൊണ്ട് മെയിന്റനൻസ് ഗ്രാന്റിൽ നിന്ന് അടച്ചുതീർക്കാൻ അനുവാദം നൽകുകയും ചെയ്യും.

പ്രദേശിക സാമ്പത്തിക വികസനം

41. കേരളത്തിലെ അധികാരവികേന്ദ്രീകരണം ക്ഷേമ, സേവന മേഖലകളിലും ഗ്രാമീണ ആസ്തികൾ നിർമ്മിക്കുന്നതിലും വിസ്മയകരമായ നേട്ടങ്ങൾ കൈവരിച്ചു. എന്നാൽ പ്രാദേശിക സാമ്പത്തിക വികസനത്തിൽ വേണ്ടത്ര മുന്നേറാനായിട്ടില്ല. ഈ പശ്ചാത്തലത്തിലാണ് 2023–ൽ 14–ാം പഞ്ചവത്സര പദ്ധതിയുടെ തയ്യാറെടുപ്പിന്റെ ഭാഗമായി പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചത്. ഇതിനെ ആസ്പദമാക്കി കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യോല്പാദനം തുടങ്ങിയ മേഖലകളുടെ വികസനത്തിന് സമഗ്രപരിപാടികൾ ആവിഷ്കരിക്കും. വിഴിഞ്ഞം പോലുള്ള വൻകിട പ്രോജക്ടുകളോടു ബന്ധപ്പെടുത്തി പ്രാദേശിക സാമ്പത്തിക വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതിന് ഊന്നൽ നൽകും.

കാർഷിക വികസനം

42. കാർഷിക മേഖലയിലെ വികസനത്തിന് ഉത്തമമാതൃകകൾ കേരളത്തിലെ പല പഞ്ചായത്തുകളും സൃഷ്ടിച്ചിട്ടുണ്ട്. അവയെ വ്യാപകമാക്കുകയാണ് കാർഷിക വികസനത്തിന്റെ തന്ത്രം. ഹൈപ്രിസിഷൻ ഫാമിംഗ് പോലുള്ള ആധുനിക ശാസ്ത്രസാങ്കേതികവിദ്യകളും യന്ത്രവൽക്കരണങ്ങളും പ്രയോജനപ്പെടുത്തണം. നീർത്തടാസൂത്രണം, ശാസ്ത്രീയ പുരയിടകൃഷി, ഫലവൃക്ഷ കാടുകൾ, സ്വാശ്രയ പച്ചക്കറി ഗ്രാമങ്ങൾ, തനതുവിളകളുടെ പ്രോത്സാഹനം തുടങ്ങിയവയ്ക്കെല്ലാം തദ്ദേശഭരണ പ്രൊജക്ടുകളെ സർക്കാർ സ്കീമുകളുമായി സംയോജിപ്പിക്കുന്നതിനു പ്രത്യേക ഊന്നൽ നൽകും. തരിശ് ഭൂമികൾ കൃഷി ചെയ്യുന്നതിനുള്ള പ്രോത്സാഹനങ്ങൾ ശക്തിപ്പെടുത്തും.

43. പ്രാദേശിക കാർഷികവിളകളും അവയുടെ മൂല്യവർദ്ധിത ഉല്പന്നങ്ങളും പ്രാദേശികമായി തന്നെ വിൽക്കുന്നതിനുള്ള വിപണനം ശൃംഖലകൾ ആവിഷ്കരിക്കും. ഫാമിൽ നിന്ന് നേരിട്ടു വീടുകളിലേക്ക് പഴങ്ങൾ, പച്ചക്കറികൾ, പാൽ, മുട്ട തുടങ്ങിയ ഇതുവഴി എത്തിക്കാനാകും.

44. വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് കേരള സർക്കാർ പുതിയ നിയമനിർമ്മാണം നടത്തിയിട്ടുണ്ട്. ഈ നിയമം ഗവർണ്ണർ വച്ചുതാമസിപ്പിക്കുകയാണ്. തദ്ദേശഭരണ സ്ഥാപനാടിസ്ഥാനത്തിൽ ഇതിനുള്ള പ്രതിരോധ പദ്ധതികൾ തയ്യാറാക്കി നടപ്പാക്കും. കൃഷി നാശമുണ്ടായാൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കും.

ചെറുകിടസൂക്ഷ്മ തൊഴിൽ സംരംഭങ്ങൾ

45. തദ്ദേശസ്വയംഭരണ വകുപ്പ് സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി നടപ്പാക്കിയ പരിഷ്കാരങ്ങൾ കേരളം വ്യവസായ സൗഹൃദ സൂചികയിൽ ടോപ്പ് അച്ചീവർ (Top Achiever) പദവി കൈവരിച്ചതിൽ പ്രധാന പങ്കുവഹിച്ചിട്ടുണ്ട്. കെ–സ്മാർട്ട് വഴിയുള്ള ഓൺലൈൻ സേവനങ്ങൾ, ലൈസൻസ് ചട്ട ഭേദഗതികളും കെട്ടിട നിർമ്മാണ ചട്ട ഭേദഗതികളും ഇതിന് ഉദാഹരണങ്ങളാണ്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ എന്റർപ്രണർഷിപ്പ് ആന്റ് എംപ്ലോയ്മെന്റ് ഹെൽപ്പ് ഡെസ്ക് കൂടുതൽ കാര്യക്ഷമമാക്കും.

46. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും മിനി വ്യവസായ പാർക്കുകൾ ആരംഭിക്കും. വ്യവസായ വകുപ്പുമായി ചേർന്ന് മാനേജ്മെന്റ് നിർവ്വഹണം നടത്തും. വീടുകളിൽ സംരംഭകത്വത്തിന് ലൈസൻസ് നൽകാനുള്ള ചട്ട ഭേദഗതി ഉപയോഗിച്ച് സമഗ്രമായ പദ്ധതി ആവിഷ്കരിക്കും. ഒരു പഞ്ചായത്തിൽ ഒരു ഉല്പന്നം എന്ന കാഴ്ചപ്പാടിനനുസൃതമായ പൊതുസൗകര്യം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏർപ്പെടുത്തും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വർക്ക് നിയർ ഹോം സൗകര്യം ഏർപ്പെടുത്തും. പട്ടികജാതിപട്ടികവർഗ സങ്കേതങ്ങളിൽ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ നൽകും. ഒരു ലക്ഷം സംരംഭങ്ങൾ ഒരു കോടി വിറ്റുവരവുള്ളതാക്കുന്നതിന് ആവശ്യമായ പിന്തുണ സർക്കാർ നൽകും.

47. നിലവിലുള്ള സംരംഭങ്ങളെ സാങ്കേതികവിദ്യകളെയും സാമ്പത്തികസ്ഥിതികളെയും വിലയിരുത്തി പുനരുദ്ധാരണത്തിനും വിപുലീകരണത്തിനും സാമ്പത്തികസഹായം നൽകും. അതുപോലെ പുതിയ സംരംഭകത്വം ആരംഭിക്കുന്നതിന് പ്രത്യേക പ്രോത്സാഹന സ്കീമുകൾ ആവിഷ്കരിക്കും. കാർഷികോല്പന്നങ്ങളുടെ സംസ്കരണ യൂണിറ്റുകൾ, ഹോംസ്റ്റേ അടക്കമുള്ള ടൂറിസം

സംരംഭങ്ങൾ, ഉപഭോക്താക്കൾക്കു വേണ്ടുന്ന സേവനങ്ങളും ഉല്പന്നങ്ങളും നേരിട്ട് ലഭ്യമാക്കുന്നതിനുള്ള ശൃംഖലകൾ. ചെറുകിട നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയവയ്ക്ക് പ്രാദേശിക പ്ലാനുകൾ തയ്യാറാക്കും. ഇവയ്ക്ക് ആവശ്യമായ നൈപുണി പരിശീലനം ആവശ്യമുള്ള തൊഴിൽസേനയെ ഉറപ്പുവരുത്തും. പബ്ലിക് വൈഫൈ സോണുകൾ സ്ഥാപിക്കും.

ടൂറിസം

48. ഗ്രാമങ്ങളിലെ ഡെസ്റ്റിനേഷൻ സെന്ററുകൾ ശക്തിപ്പെടുത്തുന്നതിന് ഡെസ്റ്റിനേഷൻ ചലഞ്ച് സ്കീം നടപ്പാക്കും. കേരളത്തിലെ ഉത്തരവാദിത്വ ടൂറിസം ലോക അംഗീകാരം നേടിയിട്ടുണ്ട്. ടൂറിസം വളർച്ചയെ പ്രാദേശിക സമ്പദ്ഘടനയുമായി ബന്ധിപ്പിക്കുന്നതിനും പ്രദേശവാസികൾക്ക് ടൂറിസ്റ്റുകളുടെ മനോഭാവത്തിൽ മാറ്റംകൊണ്ടുവരുന്നതിനും ഇതിലൂടെ കഴിയും. ഒഴിഞ്ഞ പൊതുയിടങ്ങൾ, പാലങ്ങൾക്കടിയിലെ സ്ഥലങ്ങൾ തുടങ്ങിയവ റീഡിസൈൻ ചെയ്ത് സുന്ദരമായ പൊതുയിടങ്ങളാക്കി മാറ്റും. പ്രാദേശിക ഉത്സവങ്ങളെയും മേളകളെയും പ്രോത്സാഹിപ്പിക്കണം.

49. മാനവീയം തെരുവുകൾ പോലുള്ള പൊതുയിടങ്ങൾ ജൻസി വിഭാഗത്തിനു വേണ്ടി സജ്ജീകരിക്കേണ്ടതുണ്ട്. കോവർക്കിംഗ് സ്പെയ്സുകൾ സൃഷ്ടിക്കേണ്ടതുണ്ട്.

കായികം

50. മുന്നൂറോളം കളിക്കളങ്ങൾ 2016–നു ശേഷം കേരളത്തിൽ നിർമ്മിക്കുകയുണ്ടായി. ഇവയിൽ കിഫ്ബി ഫണ്ടിലൂടെ പണിത 50ലേറെ സ്റ്റേഡിയങ്ങളും ഉൾപ്പെടും. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു കളിക്കളം ഉറപ്പുവരുത്തും. ഇവയുമായി ബന്ധപ്പെടുത്തിക്കൊണ്ട് എല്ലാ പഞ്ചായത്തുകളിലും സ്കൂൾ കോംപ്ലക്സുകൾക്കു രൂപം നൽകും. പഞ്ചായത്ത് തലത്തിൽ സ്പോർട്സ് കൗൺസിലുകൾ രൂപീകരിക്കും.

51. പൊതു വ്യായാമ സൗകര്യങ്ങൾ ഓപ്പൺ ജിം മാതൃകയിൽ സ്ഥാപിക്കും.

സംസ്കാരം

52. കേരളോത്സവം വിപുലപ്പെടുത്തും. ലൈബ്രറികൾക്കും ക്ലബ്ബുകൾക്കുമുള്ള ധനസഹായം വർദ്ധിപ്പിക്കും. എല്ലാ വാർഡിലും ഒരു ലൈബ്രറിയോ, ക്ലബ്ബോ രൂപീകരിക്കും. സാംസ്കാരിക കേന്ദ്രങ്ങൾ വിപുലപ്പെടുത്തും.

53. കലാകാരർക്കുള്ള ക്ഷേമ പദ്ധതികൾ തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നവീകരിക്കും. അന്ധവിശ്വാസത്തിനും അനാചാരത്തിനും എതിരായി വിശ്വാസികളടക്കമുള്ളവരുടെ മാനവമൈത്രി പ്രചാരണ പരിപാടി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും സംഘടിപ്പിക്കും. എല്ലാ വാർഡുകളിലും ഒരു കലാകായിക കേന്ദ്രം ഉറപ്പുവരുത്തും. ഇവയോടൊപ്പം കലാ പഠന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനെയും പ്രോത്സാഹിപ്പിക്കും.

ജന്റർ

54. ജന്റർ ബജറ്റിംഗ് ശക്തിപ്പെടുത്തും. 25 വർഷത്തെ വനിതാഘടക പദ്ധതിയുടെ നടത്തിപ്പ് അവലോകനം ചെയ്ത് പുതിയ മാർഗ്ഗനിർദ്ദേശങ്ങൾക്കു രൂപം നൽകും. ജന്റർ അവബോധം സൃഷ്ടിക്കുന്നതിനും, പുതിയ പ്രാദേശിക തൊ

ഴിൽ മേഖലകളിലേക്ക് സ്ത്രീകളെ ആകർഷിക്കുന്നതിനുള്ള പ്രൊജക്ടുകൾക്ക് പ്രാധാന്യം നൽകും.

55. ജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കും. ഇവയുടെ ജില്ലാ പഞ്ചായത്തുതല മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തും. സ്നേഹിത ഹെൽപ്പ് ഡെസ്കിന്റെ പ്രവർത്തനം വിപുലപ്പെടുത്തും. പീഡനങ്ങൾക്ക് ഇരയാകുന്ന സ്ത്രീകൾക്ക് താല്കാലികമായി സുരക്ഷിത താവളം ഒരുക്കുന്ന കൂടുതൽ വൺ സ്റ്റോപ്പ് സെന്ററുകൾ ആരംഭിക്കും.

56. കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ വിപുലമായ ജന്റർ അവബോധ ക്യാമ്പയിൻ സംഘടിപ്പിക്കും. കുടുംബശ്രീ അയൽക്കൂട്ടങ്ങളിലെ ക്ലാസുകൾക്കു പുറമേ എല്ലാ വാർഡിലും തദ്ദേശഭരണ സ്ഥാപനങ്ങളിലും ഇതുമായി ബന്ധപ്പെട്ടുള്ള ചർച്ചകൾ സംഘടിപ്പിക്കും.

57. ട്രാൻസ് ജന്റർമാരുടെ സംരംഭകത്വ പ്രോത്സാഹനത്തിനു പ്രത്യേക പ്രാധാന്യം നൽകും. അഭ്യസ്തവിദ്യരായ മുഴുവൻ ട്രാൻസ് ജന്റർമാർക്കും തൊഴിൽ ഉറപ്പാക്കും.

58. 2009–ലെ സ്ത്രീപദവി പഠന പരിപാടിയുടെ മാതൃകയിൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ക്രൈംമാപ്പിംഗ് നടത്തും. സ്ത്രീകൾക്കെതിരായ അതിക്രമങ്ങളെ വിലയിരുത്തിയശേഷം അവ കുറയ്ക്കുന്നതിനുള്ള പദ്ധതികൾ വനിതാ ഘടക പദ്ധതിയുടെ ഭാഗമായി ആവിഷ്കരിച്ചു നടപ്പാക്കും.

59. കുടുംബശ്രീക്ക് 2015–ൽ ലഭിച്ച സർക്കാർ ധനസഹായം 50200 കോടി രൂപയാണ്. എന്നാൽ 2025–26–ൽ 4,50,500 കോടി രൂപയാണ് ലഭിക്കുന്നത്. ഇതിനു പുറമേ ഒട്ടേറെ കേന്ദ്രസംസ്ഥാനാവിഷ്കൃത പദ്ധതികളും കുടുംബശ്രീ വഴിയാണ് നടപ്പാക്കുന്നത്. കേരളത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ ജനശ്രീ പോലുള്ള സ്വകാര്യ സ്വയംസഹായ സംഘങ്ങളുമായി പങ്കുവയ്ക്കുന്നതിന് കോൺഗ്രസ് നടത്തിയ കുത്സിത നീക്കം ശക്തമായ സമരത്തിലൂടെയാണ് പ്രതിരോധിച്ചത്. കുടുംബശ്രീ ആവിഷ്കരിച്ചതും സംരക്ഷിച്ചു വളർത്തിയതും ഇടതുപക്ഷ ജനാധിപത്യ മുന്നണിയാണ്. കുടുംബശ്രീക്കുള്ള സംസ്ഥാന സർക്കാരിന്റെ ധനസഹായം വർദ്ധിപ്പിക്കും. ഓക്സിലറി ഗ്രൂപ്പുകളുടെ എണ്ണം മൂന്ന് മടങ്ങ് വർദ്ധിപ്പിക്കും. ഓക് സിലറി ഗ്രൂപ്പുകളെ കുടുംബശ്രീ അയൽക്കൂട്ടങ്ങളുമായി ബന്ധപ്പെടുത്തും. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ഉയർത്തുന്നതിനുള്ള ദൗത്യം നടപ്പാക്കുന്നതിനുള്ള മുഖ്യഏജൻസിയായി കുടുംബശ്രീയെ വളർത്തും.

ദുരന്തനിവാരണം

60. തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയ പ്രാദേശിക ദുരന്തനിവാരണ പദ്ധതി പുതിയ നിർദ്ദേശങ്ങൾകൂടി ഉൾപ്പെടുത്തി പരിഷ്കരിക്കും. പ്രകൃതിദുരന്ത വേളയിൽ ജനങ്ങൾക്ക് സുരക്ഷിതമായി കഴിയാനുള്ള കേന്ദ്രങ്ങൾ ഈ പദ്ധതികളുടെ ഭാഗമായിരിക്കും. ദുരന്തനിവാരണ പദ്ധതിയിൽ ഉൾപ്പെടുത്തിയ കാര്യങ്ങൾക്ക് സംസ്ഥാന ദുരന്ത ലഘൂകരണ ഫണ്ട് (എസ്.ഡി.എം.എഫ്) സംസ്ഥാന ദുരന്ത പ്രതികരണ ഫണ്ട് (എസ്.ഡി.ആർ.എഫ്) എന്നിവയിൽ നിന്ന് ഫണ്ട് ലഭ്യാക്കും. ഉയർന്ന താപനിലയെ പ്രതിരോധിക്കാൻ ലോക്കൽ ഹീറ്റ് ആക്ഷൻ പ്ലാൻ തയ്യാറാക്കും.

61. എല്ലാ സ്കൂളുകളിലും സ്കൂൾ സേഫ്ടി പ്ലാൻ പൂർത്തീകരിക്കും. സന്നദ്ധ സേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കും. അവർക്ക് വർഷത്തിൽ ഒരു ത വണയെങ്കിലും പരിശീലനം നൽകും.

കാലാവസ്ഥാ വ്യതിയാനം

62. നാല് ജില്ലകളിൽ ഇതിനകം കാലാവസ്ഥാ വ്യതിയാനത്തെ നേരിടാനുള്ള പ്രാദേശിക പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ എ ല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും കാലാവസ്ഥാ വ്യതിയാനത്തെ നേരിടാ നുള്ള പ്രാദേശിക പദ്ധതികൾ തയ്യാറാക്കും. ഈ പദ്ധതികൾ നടപ്പാക്കാൻ ദേശീയ, അന്തർദേശീയ കാലാവസ്ഥാ ഫണ്ടുകളിൽ നിന്ന് ധനസഹായം ല ഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കും. നെറ്റ് കാർബൺ സീറോ പദ്ധതി സാർവ്വത്രികമാക്കും.

63. ജില്ലാ പദ്ധതികൾക്കൊപ്പം കാലാവസ്ഥാ വ്യതിയാനം, ദുരന്തനിവാരണം എ ന്നിവ സംബന്ധിച്ച് ജില്ലാ പദ്ധതികൾ തയ്യാറാക്കുന്നതാണ്.

ഭരണസംവിധാനം

64. തദ്ദേശഭരണ സ്ഥാപനങ്ങൾക്കു കൂടുതൽ ധനസഹായം ലഭ്യമാക്കും. കൂടു തൽ വായ്പകൾ വരുമാനദായകമായ പ്രൊജക്ടുകൾക്കും പുതിയ പദ്ധതി കൾക്ക് ഭൂമി ഏറ്റെടുക്കുന്നതിനും മുനിസിപ്പൽ ബോണ്ടുകൾ അഥവാ കടപ്പ ത്രങ്ങൾ വഴി ധനസമാഹരണം നടത്തും.

65. ഗ്രാമ, ബ്ലോക്ക് പഞ്ചായത്ത് ഓഫീസുകൾ ഐ.എസ്.ഒ സർട്ടിഫിക്കറ്റ് നേടി യത് കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ വലിയ നേട്ടമാണ്. എന്നാൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എല്ലാ പ്രവർത്തനങ്ങൾക്കും സ്റ്റാൻഡേർഡ് ഏർപ്പെടുത്തി അതിനുസൃതമായ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു സർട്ടിഫി ക്കറ്റ് ഏർപ്പെടുത്തും (ഇപ്പോൾ ഓഫീസ് കാര്യങ്ങൾക്ക് മാത്രമാണ് സർട്ടിഫി ക്കറ്റ്). കെ-സ്മാർട്ടിലൂടെയുള്ള സേവനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തും. വാ തിൽപ്പടി സേവനങ്ങളും ഓൺലൈൻ സേവനങ്ങളും ശക്തിപ്പെടുത്തും.

66. ഗ്രാമസഭകളിലെ പങ്കാളിത്തം ശക്തിപ്പെടുത്താൻ കുടുംബശ്രീ അയൽക്കൂട്ട ങ്ങളെയും റെസിഡന്റ്സ് അസോസിയേഷനുകളെയും ബന്ധപ്പെടുത്തി ഒരു പരിപാടി ആവിഷ്കരിക്കും. സോഷ്യൽ ഓഡിറ്റ് ശക്തിപ്പെടുത്തും.

67. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണ മാർഗരേഖ ലളിത മാക്കി, ജനപങ്കാളിത്തം ഉറപ്പുവരുത്തി കൂടുതൽ സ്വതന്ത്രമായി പ്രവർത്തി ക്കാനുള്ള അവസരം ഒരുക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധ തി രൂപീകരണം ലക്ഷ്യാധിഷ്ഠിതമാക്കും. ഇതിനായി സുസ്ഥിര വികസന ല ക്ഷ്യങ്ങളുടെ പ്രാദേശികവാത്കരണത്തിനായി ആവിഷ്കരിച്ചിട്ടുള്ള ചട്ടക്കൂ ടിനെ ഉപയോഗപ്പെടുത്തും. സംസ്ഥാന സർക്കാർ നടപ്പാക്കുന്നതു പോലെ എല്ലാ വർഷവും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പ്രോഗ്രസ്സ് റി പ്പോർട്ട് പ്രസിദ്ധീകരിക്കും. ഇതിനായി സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ സൂചകങ്ങൾ അടിസ്ഥാനമാക്കും.

68. നവകേരള കാഴ്ചപ്പാടിനനുസൃതമായി അധികാരവികേന്ദ്രീകരണം ശക്തിപ്പെ ടുത്തുന്നതിനുള്ള കാഴ്ചപ്പാടാണ് ഈ പ്രകടനപത്രികയിലൂടെ മുന്നോട്ടുവയ് ക്കുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ വിജയം കേരളത്തിലെ വി കസനോന്മുഖ ജനകീയ ഭരണത്തെ സുസ്ഥിരമാക്കുന്നതിൽ വലിയ പങ്കു വ

ഹിക്കാനാവും. മതനിരപേക്ഷതയും ഫെഡറൽ സംവിധാനവും പുരോഗമന ചിന്താഗതികൾ തന്നെയും കനത്ത വെല്ലുവിളികൾ നേരിടുകയാണ്. വർഗീയ ചേരിതിരിവ് സൃഷ്ടിക്കുന്നതിന് ബി.ജെ.പി സർക്കാർ കിണഞ്ഞ് പരിശ്രമിക്കു കയാണ്. ഇതിനെ വിട്ടുവീഴ്ചയില്ലാതെ എതിർക്കാൻ തങ്ങൾക്ക് പ്രാപ്തിയി ല്ലെന്ന് കോൺഗ്രസ് തെളിയിച്ചുകഴിഞ്ഞു. ബി.ജെ.പിയാകട്ടെ, എല്ലാവിധ ഭര ണഘടനാ സ്ഥാപനങ്ങളെയും തങ്ങളുടെ ചൊൽപ്പടിയ്ക്കു കീഴിൽ കൊണ്ടു വന്നുകൊണ്ടിരിക്കുന്നു.

69. ഈയൊരു പശ്ചാത്തലത്തിലാണ് പ്രതിരോധത്തിന്റെ കോട്ടയായി കേരളം ത ലയുയർത്തി നിൽക്കുന്നത്. ഇന്ന് രാജ്യത്ത് ഒരു ബദൽ പരിപാടി ഉയർ ത്താൻ ഇടതുപക്ഷം മാത്രമേയുള്ളൂ. അതുകൊണ്ടാണ് തദ്ദേശ സ്ഥാപനങ്ങ ളിലേയ്ക്കുള്ള ഈ തിരഞ്ഞെടുപ്പിൽ ഇടതുപക്ഷം വിജയിക്കേണ്ടത് ദേശീയ തലത്തിൽത്തന്നെ പ്രാധാന്യമർഹിക്കുന്ന ഒരു കാര്യമായി മാറുന്നത്. ഇടതു പക്ഷ ജനാധിപത്യ മുന്നണി സ്ഥാനാർത്ഥികളെ വമ്പിച്ച ഭൂരിപക്ഷത്തോടെ വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.



എൽഡിഎഫ് സ്ഥാനാർത്ഥികളെ വിജയിപ്പിക്കുക

PRINTED AND PUBLISHED BY CONVENER LDF STATE COMMITTEE
NUMBER OF COPIES - 100